## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 81 — 23-01-2018 -ൽ മറുപടിക്ക്

## ഓഖി ചുഴലിക്കാറ്റ് ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | 2017 നവംബർ 29, 30 തീയതികളിൽ 'ഓഖി ചുഴലിക്കാറ്റ്' കേരളതീരത്ത് നാശം വിതയ്ക്കുമെന്ന് അറിയിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള മുന്നറിയിപ്പ് എന്ന്, എപ്പോൾ, ഏതു വകുപ്പിലാണ് സംസ്ഥാന സർക്കാരിൽ ലഭിച്ചത് എന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാർ NDMA Guidelines – Management of Cyclones, 2008, Cyclone Warning in India – Standard Operation Procedure, 2013 മാനദണ്ഡപ്രകാരം ഒരു മുന്നറിയിപ്പും 29/11/2017-ന് ലഭിച്ചിരുന്നില്ല. Cyclonic Storm 'OCKHI' over Comorin area & Cyclone Warning for South Kerala, adjoining districts of south Tamil Nadu and Lakshadweep Islands- ORANGE message എന്ന 30/11/2017-ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും 12.30-നുള്ള സന്ദേശം ഫാക്സ് മുഖേന ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ഉച്ചയ്ക്ക് 2.21 ലഭിച്ചു. |
| ബി) | കേന്ദ്ര സർക്കാരിൽ നിന്നുമുള്ള മുന്നറിയിപ്പ് ഏതൊക്കെ വകുപ്പുകൾക്ക് കൈമാറിയെന്ന് വ്യക്തമാക്കുമോ; | ബി) | 29/11/2017-ന് ലഭിച്ച കാലാവസ്ഥാ മുന്നറിയിപ്പ് എല്ലാ ജില്ലാകലക്ടർമാർക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്കും ഇ-മെയിൽ മുഖാന്തിരം നൽകി. 30/11/2017-ന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ചുഴലി മുന്നറിയിപ്പ് പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും മാധ്യമങ്ങൾക്കും മെസ്സേജ് സർവീസ് മുഖാന്തിരം നൽകി. ചുഴലി മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് Orange Alert പുറപ്പെടുവിച്ചു. |
| സി) | വിവരം ലഭിച്ചിട്ടും ആവശ്യമായ മുൻ കരുതലും തയ്യാറെടുപ്പുകളും നടത്തി വൻ ദുരന്തം ഒഴിവാക്കുന്നതിൽ വകുപ്പുകൾ വീഴ്ച വരുത്തിയതായി കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പുകൾക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | സി) | 30/11/2017-ന് ഉച്ചയ്ക്ക് 2.21-ന് മാത്രമാണ് കേരളത്തിന് ചുഴലിക്കാറ്റ് മുന്നറിയിപ്പ് ലഭിച്ചത്, ഇതിനു മുൻപായി ചുഴലി നാശം വിതച്ചിരുന്നു. ചട്ടമനുസരിച്ചുള്ള മുന്നറിയിപ്പ് ലഭിച്ചയുടൻ എല്ലാ വകുപ്പുകളും ഒരുമിച്ച് ഊർജ്ജിത രക്ഷാ പ്രവർത്തനം തുടങ്ങി. |

| | | | |
|---|---|---|---|
| ഡി) | ഓഖി ദുരന്തം നേരിടാൻ വിവിധ വകുപ്പുകൾ എന്തെല്ലാം പ്രവൃത്തികൾ നടത്തിയെന്നും തന്മൂലം എത്രപേരെ രക്ഷിക്കാനായെന്നും വിശദമാക്കുമോ; | ഡി) | Standard Operating Procedures പ്രകാരം ദുരന്ത നിവാരണ വകുപ്പ് Army, Navy, Air Force, Fire & Rescue Services, Coast Guard, കേന്ദ്ര സർക്കാരിനേയും ബന്ധപ്പെട്ട് രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ സഹായം അഭ്യർത്ഥിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് Operation Synergy എന്ന പേരിൽ രക്ഷാ പ്രവർത്തനം നടത്തി. കൂടാതെ ആരോഗ്യവകുപ്പ്, ആഭ്യന്തര വകുപ്പ്, പൊതുവിതരണ വകുപ്പ് മുഖേനയും രക്ഷാപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 17.01.2018-ലെ കണക്കു പ്രകാരം ആയിരത്തി ഒരുന്നൂറ്റി പതിനാറു പേരെ (1,116) രക്ഷപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | രക്ഷിച്ച് തീരത്ത് എത്തിച്ചവരെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സയ്ക്കായി പ്രവേശിപ്പിച്ചതെന്നും അതിൽ എത്രപേർ ആശുപത്രികളിൽ പ്രവേശിപ്പിച്ചശേഷം മരണമടഞ്ഞുവെന്നും അവർ ആരൊക്കെയെന്നും വിശദമാക്കാമോ? | ഇ) | രക്ഷിച്ച് തീരത്ത് എത്തിച്ചവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ഗവൺമെന്റ് ഫോർട്ട് ആശുപത്രി, പൂന്തുറ ഗവൺമെന്റ് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, ആലപ്പുഴ ജില്ലയിലെ ചെട്ടിക്കാട് റൂറൽ ഹെൽത്ത് ട്രെയിനിങ് സെന്റർ , ചേർത്തല താലൂക്ക് ആശുപത്രി, കായംകുളം താലൂക്ക് ആശുപത്രി, കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രി, പയ്യന്നൂർ പി.എച്ച്.സി, കോഴിക്കോട് ബീച്ച് ആശുപത്രി, കാസറഗോഡ് ഗവൺമെന്റ് ആശുപത്രി, കർണ്ണാടകയിലെ മംഗലാപുരം മുതലായ ആശുപത്രികളിലാണ് ചികിത്സയ്ക്കായി പ്രവേശിപ്പിച്ചത്. ആശുപത്രിയിൽ പ്രവേശിപ്പിച്ച ശേഷം രതീഷ് ഡി. (S/o ഡേവിഡ്), ഇരയിമ്മൻ തുറ പുരയിടം, പൂല്ലുവിള പി.ഒ, കരുംകുളം എന്നയാൾ മരണമടഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

30-11-2017 ന് തന്നെ തീരസംരക്ഷണ സേനയോട്, ദുരന്തത്തിൽ കാണാതായ മത്സ്യ തൊഴിലാളികളെ കണ്ടെത്തുവാൻ സഹായം നൽകണം എന്ന് ആവശ്യപ്പെട്ടിരുന്നു. Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പ് വരുത്തി. ആധുനിക വിമാനങ്ങളും, കപ്പലുകളും തിരുവനന്തപുരം തീരത്ത് എത്തുവാൻ ശ്രമിച്ചെങ്കിലും 30/11/2017-ലെ പ്രതികൂല കാലാവസ്ഥാ സ്ഥിതിയിൽ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. 6 വായു സേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 2 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രക്ഷാ പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനെ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യ തൊഴിലാളികളെ രക്ഷിക്കുവാൻ നിർദേശം നൽകുവാൻ അഭ്യർത്ഥിക്കുകയും ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിച്ച് ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. വൈകിട്ട് നാല് മണിക്ക് ജില്ലയിൽ വിവിധ കേന്ദ്രങ്ങളിലായി 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. ബാധിക്കപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ എല്ലാ സർക്കാർ ആശുപത്രികൾക്കും നിർദേശം നൽകുകയും 'Operation Synergy' എന്ന പേരിൽ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തിരുവനന്തപുരം എയർപോർട്ടിൽ റവന്യു, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ്, എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിക്കുകയും ചെയ്തു. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു. കേന്ദ്ര പ്രതിരോധ സെക്രട്ടറി, എയർ ചീഫ് മാർഷൽ എന്നിവരുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി കൂടുതൽ കപ്പലുകളും,

വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം കൂടി ആരംഭിച്ചു. പ്രാദേശിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. ഗുജറാത്ത്, തമിഴ്നാട്, ലക്ഷദ്വീപ്, മഹാരാഷ്ട്ര, ഗോവ, കർണാടക സർക്കാരുകളോട് അതാത് സ്ഥലത്ത് എത്തുന്ന മലയാളികളായ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കണം എന്ന് അഭ്യർത്ഥിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവാ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപാ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command ലേക്ക് മാറ്റി. തമിഴ്നാട്ടിൽ നിന്നും മത്സ്യ ബന്ധനത്തിന് വരുകയും കേരള തീരത്ത് അകപ്പെടുകയും ചെയ്ത മത്സ്യ തൊഴിലാളികൾക്ക് സഹായമായി 17.75 ലക്ഷം രൂപ അനുവദിച്ചു. മറ്റ് രാജ്യങ്ങളിൽ എത്തിയിട്ടുള്ള മത്സ്യ തൊഴിലാളികളെ തിരികെ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും 1843 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. കാണാതായ മത്സ്യ തൊഴിലാളികളെ കണ്ടെത്തുവാൻ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ തീരങ്ങളിൽ നിന്നും മത്സ്യ ബന്ധന ബോട്ടുകളിൽ തിരച്ചിൽ നടത്തി.

(signature)
സെക്രട്ടറി